ചീഫ് എഞ്ചിനീയറുടെ കാര്യാലയം, ജലസേചനവും ഭരണവും, തിരുവനന്തപുരം

ചീഫ് എഞ്ചിനീയറുടെ നടപടി ക്രമം

(ഹാജർ- ശ്രീദേവി.പി (പൂർണ്ണ അധിക ചുമതല) )

വിഷയം : ജലസേചനം - ജീവനക്കാര്യം - വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിലേയ്ക്ക് സംയോജിത സംസ്ഥാനതല അന്തിമ മുൻഗണനാപട്ടികയിൽ നിന്ന് തസ്തികമാറ്റം വഴി നിയമനം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1) സർക്കാർ ഉത്തരവ് (പി) നം.21/2014/ഉപഭവ തീയതി: 19.07.2014

2) സർക്കാർ ഉത്തരവ് (പി) നം.16/2015 ഉപഭവ തീയതി: 28.05.2015

3) ഈ കാര്യാലയത്തിലെ 18.07.2024 ലെ IC5-2742/2024 നമ്പർ ഉത്തരവ്

4) ഈ കാര്യാലയത്തിലെ 26.10.2022 ലെ CEIA/676/2022-B5 നമ്പർ ഉത്തരവ്

**ഉത്തരവ് നം.CEIA/89/2025-B5 തിയതി - 26-06-2025**

സൂചന (1) (2) സർക്കാർ ഉത്തരവുകൾ പ്രകാരം വിവിധ വകുപ്പുകളിലെ എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിലേക്ക് അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്കും തസ്തികമാറ്റം വഴി നിയമനം നൽകാൻ ഉത്തരവായിരുന്നു.

പരാമർശം (1) സർക്കാർ ഉത്തരവിൽ എൽ.ഡി ടൈപ്പിസ്റ്റിന്റെ Cadre Strength ന്റെ 10% By transfer പ്രകാരമുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നത് വരെ തുടരുന്നതും തുടർന്ന് Cadre Strength ന്റെ ശതമാനത്തിൽ ടി നിയമനങ്ങൾ നിജപ്പെടുത്തേണ്ടതുമാണെന്ന സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) By transfer മുൻഗണനാ പട്ടികയിൽ നിന്നും പരാമർശം (4) ഉത്തരവ് പ്രകാരം നിയമനം നൽകിയിരുന്നു.

ജലസേചന വകുപ്പിലെ IC5-2742/2024 തീയതി: 18.07.2024 ലെ സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ക്രമ നം.1 ആയിട്ടുള്ള ജയകുമാരൻ.എ (ലസ്കർ) (പെൻ നം.475274) മലമ്പുഴ കനാൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ക്രമ നം.1(A) ആയിട്ടുള്ള ബിനു ഫ്രാൻസിസ് (ലസ്കർ) (പെൻ നം.474369) അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ഇൻലാന്റ് നാവിഗേഷൻ സെക്ഷൻ, തൃക്കരിപ്പൂർ, കാസർഗോഡ് എന്നീ ജീവനക്കാരുടെ യോഗ്യതയുടെയും സീനിയോറിറ്റിയുടെയും അടിസ്ഥാനത്തിൽ By transfer മുൻഗണനാ പട്ടികയിൽ നിന്നും വകുപ്പിലെ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിലെ 10% ഒഴിവുകളിൽ തസ്തികമാറ്റം വഴി ചുവടെ സൂചിപ്പിക്കുന്ന കാര്യാലയങ്ങളിൽ നിയമനം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേരും തസ്തികയും ഇപ്പോൾ ജോലി ചെയ്യുന്ന കാര്യാലയവും | സൂചന (3) അന്തിമ മുൻഗണനാ പട്ടികയിലെ ക്രമ നം. | ജനന തീയതി | തസ്തിക മാറ്റം വഴി എൽ.ഡി ടൈപ്പിസ്റ്റായി നിയമനം നൽകുന്ന കാര്യാലയം |
|---|---|---|---|---|
| | ജയകുമാർ.എ, അസിസ്റ്റന്റ് എഞ്ചിനീയറുടെ | | | എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ |

| | | | | |
|---|---|---|---|---|
| 1 | കാര്യാലയം,<br>മലമ്പുഴ കനാൽ സെക്ഷൻ,<br>എരിമയൂർ | 1 | 16.04.1976 | കാര്യാലയം,<br>ഐ.ഡബ്ല്യു.ആർ<br>ഡിവിഷൻ, പാലക്കാട് |
| 2 | ബിനു ഫ്രാൻസിസ്,<br>അസിസ്റ്റന്റ് എഞ്ചിനീയറുടെ<br>കാര്യാലയം, ഇൻലാന്റ്<br>നാവിഗേഷൻ സെക്ഷൻ,<br>തൃക്കരിപ്പൂർ, കാസർഗോഡ് | 1 (A) | 29.05.1976 | എക്സിക്യൂട്ടീവ്<br>എഞ്ചിനീയറുടെ<br>കാര്യാലയം,<br>ഇറിഗേഷൻ ഡിവിഷൻ,<br>എറണാകുളം |

ഈ ഉത്തരവ് പ്രകാരം എൽ.ഡി ടൈപ്പിസ്റ്റായി നിയമനം ലഭിച്ച ജയകുമാരൻ.എ, ബിനു ഫ്രാൻസിസ് എന്നിവർക്ക് പരാമർശം (2) പ്രകാരമുള്ള സർക്കാർ ഉത്തരവിലെ ഖണ്ഡിക അഞ്ചിൽ പ്രതിപാദിച്ചിരിക്കുന്ന വ്യവസ്ഥകൾക്ക് അനുസൃതമായി എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ സീനിയോറിറ്റി അനുവദിച്ച നൽകുന്നതുമാണ്. എൽ.ഡി.ടൈപ്പിസ്റ്റായി തസ്തികമാറ്റ നിയമനം ലഭിച്ച ജയകുമാരൻ.എ, ബിനു ഫ്രാൻസിസ് എന്നിവർക്ക് എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ദിവസം മുതൽ ടി തസ്തികയിൽ പ്രൊബേഷൻ ആരംഭിച്ചതായി നിയമനാധികാരി കണക്കാക്കേണ്ടതാണ്. തസ്തികമാറ്റ നിയമനം വഴിയുള്ള സാമ്പത്തിക ആനുകൂല്യം എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച തീയതി മുതൽ നൽകേണ്ടതുമാണ്. കൂടാതെ തസ്തികമാറ്റം വഴി എൽ.ഡി ടൈപ്പിസ്റ്റായി നിയമനം നൽകിയിരിക്കുന്ന ജില്ല അവർ തിരഞ്ഞെടുത്ത ജില്ലയായി കണക്കാക്കേണ്ടതും ടി ജില്ലയിൽ നിന്നുമുള്ള അന്തർജില്ല/അന്തർ വകുപ്പ് സ്ഥലമാറ്റത്തിനുള്ള അപേക്ഷ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം മാത്രമായിരിക്കുമെന്നും ഇതിനാൽ ഉത്തരവാകുന്നു.

Signed by Sreedevi P
Date: 26-06-2025 17:54:07

ചീഫ് എഞ്ചിനീയർ,
(പൂർണ്ണ അധിക ചുമതല)

വ്യക്തികൾക്ക്: ജയകുമാർ.എ, ബിനു ഫ്രാൻസിസ് (ഓഫീസ് മുഖേന)

പകർപ്പ്:-

1. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഐ.ഡബ്ല്യു.ആർ ഡിവിഷൻ, പാലക്കാട്
2. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം, ഇറിഗേഷൻ ഡിവിഷൻ, എറണാകുളം
3. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, മലമ്പുഴ കനാൽ സെക്ഷൻ, എരിമയൂർ
4. അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം, ഇൻലാന്റ് നാവിഗേഷൻ സെക്ഷൻ, തൃക്കരിപ്പൂർ, കാസർഗോഡ്
5. ഹെഡ് ക്ലർക്ക്, എച്ച്.ആർ സെൽ
6. ജൂനിയർ സൂപ്രണ്ട്, സീനിയോറിറ്റി സെൽ
7. AEE, IT CELL